**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 546** — **10-11-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്തു പണികൾക്ക് പ്രവർത്തന കലണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ. സി. മൊയ്തീൻ ,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എച്ച്. സലാം,<br>ശ്രീ. പി. മമ്മിക്കുട്ടി | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്തു റോഡുകളുടെ നിർമ്മാണത്തിലെയും പരിപാലനത്തിലെയും ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് സോഷ്യൽ ഓഡിറ്റിംഗിനെ ജനകീയവൽക്കരിച്ച് കരാറുകാരന്റെയും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെയും ഫോൺ നമ്പർ ഉൾപ്പെടെയുള്ള വിശദാംശങ്ങളും ന്യൂനത പരിഹാര ബാധ്യത കാലയളവ് സംബന്ധിച്ചുള്ള വിവരങ്ങളും വെബ്സൈറ്റിപൊതുമരാമത്തു പണികൾ ൽ നൽകാൻ തീരുമാനിച്ചിട്ടുണ്ടോ; | (എ) | സോഷ്യൽ ഓഡിറ്റിംഗിനെ ജനകീയ വൽക്കരിക്കുന്നതിന്റെ ഭാഗമായി റോഡ് പ്രവൃത്തികളുടെയും കരാറുകാരന്റെയും മേൽനോട്ടം വഹിച്ച ഉദ്യോഗസ്ഥരുടെയും വിശദാംശങ്ങൾ, ന്യൂനത പരിഹാര ബാധ്യത (DLP) കാലയളവ് തുടങ്ങിയ വിവരങ്ങൾ കൂടാതെ ടോൾ ഫ്രീ നമ്പർ എന്നിവ പൊതുമരാമത്ത് വെബ് സൈറ്റിൽ നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ഇതിനാവശ്യമായ നടപടികൾ സ്വീകരിച്ച് വരുന്നു. |
| (ബി) | പൊതുമരാമത്തു പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നുവെന്ന് ഉറപ്പ് വരുത്തുന്നതിനും കാലാവസ്ഥക്കനുസൃതമായി മാത്രം നിർമ്മാണം നടത്തുന്നതിനും പ്രവർത്തന കലണ്ടർ തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനായി ഓരോ സാമ്പത്തിക വർഷത്തിലും വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി പ്രവൃത്തികൾക്ക് ഭരണാനുമതി, സാങ്കേതികാനുമതി എന്നിവ നൽകുന്നതിനും തുടർന്ന് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പ്രവൃത്തികൾ ആരംഭിക്കുന്നതിനും നിശ്ചിത സമയക്രമം പാലിക്കുന്നതിനുമായി പ്രവർത്തന കലണ്ടർ തയ്യാറാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ഇത് പ്രകാരം കാലാവസ്ഥാവ്യതിയാനത്തിനനുസൃതമായി നിർമ്മാണ പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് മാർഗ്ഗ രേഖ തയ്യാറാക്കാൻ സാധിക്കുന്നതാണ്. നിലവിൽ പ്രവൃത്തികൾ സമയബന്ധിതമായി കരാർ കാലാവധിയ്ക്കുള്ളിൽ പൂർത്തീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. പ്രവൃത്തികളിൽ വീഴ്ച വരുത്തുന്ന കരാറുകാർക്കെതിരെ SBD, PWD Manual എന്നിവ പ്രകാരമുള്ള കർശന നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട് |

സെക്ഷൻ ഓഫീസർ